ജനയുഗം
Dated on 29/08/24
Page no :- 3, Column 8

# ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിന് സമാപനം

തിരുവനന്തപുരം: ഒമ്പതാമത് ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ് നരുവാമൂട് ചിന്മയ സീനിയർ സെക്കൻഡറി സ്കൂളിൽ നടന്നു. മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ബോബ്സ് സ്പോർട്സ് ക്ലബ്ബ് ഒന്നാം സ്ഥാനവും ചിന്മയ സ്പോർട്സ് ക്ലബ്ബ് നരുവാമൂട് രണ്ടാം സ്ഥാനവും നിതിൻ ആന്റ് ജിനീഷ് മെമ്മോറിയൽ സ്പോർട്സ് ക്ലബ്ബ് പേരൂർക്കട മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ചിൻസ്പീക്കേഴ്സ് സ്പാർക്ക് ക്ലബ്ബ് ആറ്റുകാൽ ഒന്നാം സ്ഥാനം നേടി. ചിന്മയ സ്പോർട്സ് ക്ലബ് നരുവാമൂട്, ബോബ്സ് സ്പോർട്സ് ക്ലബ് കരകുളം യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിജയികൾക്കുള്ള സമ്മാനദാനം ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം ബോബി സി ജോസഫ് നിർവഹിച്ചു.